**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 503** **09-07-2024 - ൽ മറുപടിയ്ക്ക്**

**നിർജീവമായ ട്രഷറി അക്കൗണ്ടുകളിലെ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിർജീവമായ ട്രഷറി അക്കൗണ്ടുകളിലെ തുക സർക്കാരിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കേരള ട്രഷറി കോഡ് വാല്യം II, അനുബന്ധം 3, ചട്ടം 40 പ്രകാരം തുടർച്ചയായ അഞ്ചു സാമ്പത്തിക വർഷം ഇടപാടുകൾ നടക്കാത്ത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ അൺ ഓപ്പറേറ്റഡ് ആയി കണക്കാക്കി ടി അക്കൗണ്ടു കളിലെ നീക്കിയിരിപ്പ് തുക റെവന്യൂ ഡെപ്പോസിറ്റിലേക്കു മാറ്റാവുന്നതാണ്.<br><br>പ്രസ്തുത ചട്ടത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള കുറിപ്പ് 1-ൽ സ്ഥിരനിക്ഷേപങ്ങളും സെക്യൂരിറ്റി നിക്ഷേപങ്ങളും ഈ ചട്ടത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്നും കുറിപ്പ് 2ൽ പ്രായപൂർത്തിയായിട്ടില്ലാത്തവർക്കായി അവരുടെ രക്ഷകർത്താക്കൾ/ ബന്ധുക്കൾ ഓപ്പൺ ചെയ്തിരിക്കുന്ന അക്കൗണ്ടുകളും ടിയാളുകൾ പ്രായപൂർത്തിയാകുന്ന കാലയളവുവരെ ഈ ചട്ടത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>സ്ഥിരനിക്ഷേപങ്ങളും സെക്യൂരിറ്റി നിക്ഷേപങ്ങളും കൂടി ഈ ചട്ടത്തിന്റെ പരിധിയിൽ കൊണ്ടു വരുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | അക്കൗണ്ട് ഉടമകളോ അനന്തരാവകാശികളോ പ്രസ്തുത അക്കൗണ്ടുകളിലെ തുകയുടെ അവകാശം ഉന്നയിച്ചാൽ അത് തിരികെ നൽകാൻ സാധിക്കുമോ? | (ബി) | ട്രഷറി കോഡ് വാല്യം II, അനുബന്ധം III, ചട്ടം 40 പ്രകാരം അൺ ഓപ്പറേറ്റഡ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ തുക തിരികെ നല്കുന്നത് സാധ്യമാണ്. |

സെക്ഷൻ ഓഫീസർ